"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - അനധികൃത ഹാജരില്ലായ്മ - വെറ്ററിനറി സർജൻ ഡോ.സോണിയ ചാക്കോയെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മൃഗസംരക്ഷണ (ഇ)വകുപ്പ്**

സ.ഉ.(കൈ) നം.22/2025/AHD തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-

1. 20.08.2004-ലെ G.O(Rt)No.1251/04/AD നമ്പർ സർക്കാർ ഉത്തരവ്
2. 07.07.2010-ലെ G.O(Rt)No.1232/10/AD നമ്പർ സർക്കാർ ഉത്തരവ്
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 27.04.2017-ലെ എക്സ്3-23475/2016/വിജി. നമ്പർ കത്ത്
4. 15.07.2022-ലെ E3/134/2017-AH നമ്പർ സർക്കാർ കുറ്റപത്രവും കുറ്റാരോപണ മെമ്മോയും
5. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 01.11.2022-ലെ എക്സ്3-23475/2016/വിജി. നമ്പർ കത്ത്
6. 15.11.2022-ലെ E3/134/2017-AH നമ്പർ പത്ര പരസ്യം മുഖേന നൽകിയ നോട്ടീസ്
7. 21.03.2023-ലെ GO(RT)No.102/2023/AHD നമ്പർ സർക്കാർ ഉത്തരവ്
8. ഡോ.സോണിയ ചാക്കോ സമർപ്പിച്ച 26.05.2023-ലെ രാജി അപേക്ഷ
9. 01.08.2023-ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്
10. 23.11.2023-ലെ E3/134/2017-AH നമ്പർ കാരണം കാണിക്കൽ നോട്ടീസ്
11. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 02.04.2024-ലെ AHD/7622/2022-X3 നമ്പർ കത്ത്
12. 17.05.2024-ലെ E3/134/2017-AH നമ്പർ നമ്പർ പത്ര പരസ്യം മുഖേന നൽകിയ നോട്ടീസ്
13. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 10.02.2025-ലെ A1-2/37/2024-KPSC നമ്പർ കത്ത്

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിൽ കോട്ടയം കാഫ്ഫീഡ് സബ്സിഡി സ്കീം ഓഫീസിൽ വെറ്ററിനറി സർജനായിരിക്കെ ഡോ.സോണിയ ചാക്കോയ്ക്ക് പരാമർശം (1) പ്രകാരം വിദേശത്ത് ജോലിയ്ക്കായി KSR Part I, Appendix XIIA പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത അവധി 04.09.2009 മുതൽ 5 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയുമുണ്ടായി. 03.09.2014-ൽ അവസാനിച്ച പ്രസ്തുത ശൂന്യവേതനാവധിക്കുശേഷം ടിയാൾ യഥാസമയം ജോലിയിൽ തിരികെ പ്രവേശിയ്ക്കുകയോ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ ആയത് കൃത്യവിലോപമായിക്കണ്ട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് രജിസ്റ്റേർഡ് തപാലിൽ അറിയിപ്പ് നൽകിയെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ വരികയുണ്ടായതെന്നും ആയതിനാൽ ടിയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

അനുവദിച്ചിരുന്ന ശൂന്യവേതന അവധി അവസാനിച്ചതിന് ശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെയും യഥാസമയം അവധി ദീർഘിപ്പിക്കാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുകയും വിദേശത്ത് തുടരുകയും ചെയ്തിരുന്ന വെറ്ററിനറി സർജൻ ഡോ.സോണിയ ചാക്കോയ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്ക് അച്ചടക്ക നടപടി സ്വീകരിച്ച് ടിയാളുടെ ശൂന്യവേതന അവധി അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസമായ 04.09.2014 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും ആയതിലേയ്ക്ക് പരാമർശം (4) പ്രകാരം കുറ്റപത്രവും കുറ്റാരോപണമെമ്മോയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കുറ്റപത്രവും കുറ്റാരോപണമെമ്മോയും ടിയാളുടെ സ്വദേശ വിലാസത്തിൽ നൽകിയത് 'Out of India' എന്ന് രേഖപ്പെടുത്തിയും വിദേശ മേൽവിലാസത്തിൽ നൽകിയത് 'Wrong Address' എന്ന് രേഖപ്പെടുത്തിയും തിരികെ വന്നുവെന്നും ടിയാളുടെ ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കിയതിന് ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ലെന്നും പരാമർശം (5) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

ആയതിനാൽ പരാമർശം (6) പ്രകാരം പ്രസ്തുത കുറ്റപത്രവും കുറ്റാരോപണമെമ്മോയും പത്രപ്പരസ്യം ചെയ്തിരുന്നുവെങ്കിലും ആയതിനും മറുപടി ലഭിക്കാത്തതിനാൽ പരാമർശം (7) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (9) പ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പ്രകാരം ഡോ.സോണിയ ചാക്കോ അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരായില്ലെന്നും പകരം പരാമർശം (8) പ്രകാരം രാജി അപേക്ഷ ലഭ്യമാക്കിയെന്നും എന്നാൽ അച്ചടക്ക നടപടി ആരംഭിച്ചതിന് ശേഷം രാജി അപേക്ഷിച്ചത് അച്ചടക്ക നടപടിയിൽ നിന്നും രക്ഷനേടുന്നതിനാണെന്ന് കണ്ടെത്തുകയും ടിയാൾക്ക് നൽകിയ കുറ്റപത്രം പ്രകാരമുള്ള കുറ്റങ്ങളെല്ലാം നിലനിൽക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

പ്രസ്തുത അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് ഡോ. സോണിയ ചാക്കോ-യെ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ, ചട്ടം 11 (1) (vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്ക് പരാമർശം (10) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

മുഖേന നൽകിയിട്ടുള്ളതും ആയതിന് മറുപടി ലഭിച്ചിട്ടില്ലെന്ന പരാമർശം (11) പ്രകാരമുള്ള റിപ്പോർട്ടിനെത്തുടർന്ന് ആയത് പരാമർശം (12) പ്രകാരം പത്രപ്പരസ്യം ചെയ്തിട്ടുള്ളതുമാണ്.

പ്രസ്തുത നോട്ടീസിനും കുറ്റാരോപിതയിൽ നിന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുക എന്ന സർക്കാർ തീരുമാനത്തിന്മേൽ ടിയാൾക്കൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ഡോ. സോണിയ ചാക്കോയെ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ, ചട്ടം 11 (1) (vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ പരാമർശം (13) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കിയിരുന്നു. പ്രസ്തുത തീരുമാനവുമായി യോജിക്കുന്നതായും അപ്രകാരം ഉപദേശിക്കുന്നതായും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുള്ളതാണ്.

മേൽ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിൽ കോട്ടയം കാഫ്ഫീഡ് സബ്സിഡി സ്കീം ഓഫീസിൽ വെറ്ററിനറി സർജനായിരിക്കെ പരാമർശം (1), (2) എന്നിവ പ്രകാരം അനുവദിച്ച KSR Part I, Appendix XIIA പ്രകാരമുള്ള ശൂന്യവേതനാവധി 03.09.2014-ൽ അവസാനിച്ചിട്ടും യഥാസമയം സർവ്വീസിൽ തിരികെ പ്രവേശിക്കാതെയും അവധി ദീർഘിപ്പിച്ചു നൽകുന്നതിന് അപേക്ഷ സമർപ്പിക്കാതെയും അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുകയും വിദേശത്ത് തുടരുകയും ചെയ്യുന്ന ഡോ. സോണിയ ചാക്കോയെ ടിയാളുടെ ശൂന്യവേതന അവധി അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസമായ 04.09.2014 തീയതി പ്രാബല്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ, ചട്ടം 11 (1) (vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച തുടർ നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിച്ച് സർക്കാരിൽ കാര്യനിർവ്വഹണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.സോണിയ ചാക്കോ, വെറ്ററിനറി സർജൻ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 06-05-2025 14:37:32

സെക്ഷൻ ഓഫീസർ